(ബി) അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ "ഗ്രഡ് പേ മാസ്റ്റർ"പദ്ധതി 1-1-2015 മുതൽ 31-12-2015 വരെയും "ആശ്വാസ് 2015" പദ്ധതി 1-2-2015 മുതൽ 30-6-2015 വരെയും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) നബാർഡിൽനിന്നുള്ള ഫണ്ടിന്റെ ലഭ്യതയും പദ്ധതികളുടെ നിബന്ധനയും അനുസരിച്ച് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും സബ്സിഡി നിരക്കിലുള്ള വിവിധ വായ്പകൾ നൽകിവരുന്നു.

ഊർജ്ജോല്പാദന മേഖലയിലെ പുരോഗതി

12(*192) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജോല്പാദന മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിൽ എത്ര മാത്രം അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിയിലും ലക്ഷ്യമിട്ട ഉല്പാദനം സാധ്യമായില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം നടന്നു വന്നിരുന്നതും നിർമ്മാണം ആരംഭിച്ചതുമായ 15 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. ആകെ 200.35 മെഗാവാട്ടിന്റെ വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ പുനരുദ്ധാരണ നവീകരണ പദ്ധതികൾവഴി 9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. സ്വകാര്യ മേഖലയിൽ 100 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. സോളാർ മേഖലയിൽ പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിവഴി ഓഫ് ഗ്രിഡായി ആകെ 10 മെഗാവാട്ട് വൈദ്യുതി ഉല്പാദനവും സോളാർ കണക്ട് പദ്ധതിവഴി ശൃംഖലാബന്ധിതമായി ആകെ 12 മെഗാവാട്ട് വൈദ്യുതി ഉല്പാദനവുമാണ് ലക്ഷ്യമിടുന്നത്. കഴൽമന്ദത്ത് സ്ഥാപിക്കുന്ന യൂട്ടിലിറ്റി സ്കെയിൽ സോളാർ പവർ പ്ലാന്റ് വഴി 2 മെഗാവാട്ട് ഉല്പാദനശേഷിയാണ് ലക്ഷ്യമിടുന്നത്. നവനവീകരണ ഊർജ്ജം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കുന്നതിനായി പൂർത്തീകരിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും ലക്ഷ്യം വച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം (2)* ആയി ചേർത്തിട്ടുണ്ട്.

(സി) പദ്ധതിക്കാവശ്യമായ ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസംമൂലവും പരിസ്ഥിതി, വനം വകുപ്പുകളിൽനിന്നും പദ്ധതിക്കാവശ്യമായ ക്ലിയറൻസ് യഥാസമയം ലഭിക്കാത്തതിനാലും പ്രകൃതിക്ഷോഭം, തദ്ദേശവാസികളുടെ എതിർപ്പ് എന്നിവമൂലവും പണി തടസ്സപ്പെട്ടതിനാൽ ചില പദ്ധതികൾ പ്രതീക്ഷിച്ച രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് ലക്ഷ്യമിട്ട ഉല്പാദനം സാദ്ധ്യമാക്കാൻ കഴിയാതിരുന്നത്.

വ്യവസായ നിക്ഷേപ പദ്ധതികൾ

13(*193) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനുദ്ദേശിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി എന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly